# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6735** 09.11.2016 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ടിന് പരിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പകൾക്ക് നൽകുന്ന റിസ്ക് ഫണ്ടിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പരിധി നിശ്ചയിച്ചിട്ടുണ്ട്. വായ്പയെടുത്ത അംഗം മരണപ്പെടുകയാണെങ്കിൽ ബാക്കി നിൽക്കുന്ന വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയും അതിന്റെ പലിശയും വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയും റിസ്ക്ഫണ്ട് പദ്ധതിപ്രകാരം നൽകുന്നു. |
| (ബി) | റിസ്ക് ഫണ്ടുകൾ വായ്പയെടുത്തയാളിനോ/ ആശ്രിതർക്കോ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ് സഹിതം വായ്പാ വിതരണം ചെയ്തിട്ടുള്ള സഹകരണ സംഘത്തിന് അപേക്ഷ സമർപ്പിക്കണം (മാരക രോഗം ബാധിച്ച വായ്പാക്കാരൻ ആയത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം) അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ<br>1) ശുപാർശ ചെയ്തുകൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം<br>2) മരണമടഞ്ഞ/മാരക രോഗം പിടിപെട്ട വായ്പാക്കാരന് റിസ്ക്ഫണ്ട് പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| | | | 3) വായ്പാക്കാരന്റെ വായ്പാ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>4) റിസ്ക്ഫണ്ടിലേക്ക് വായ്പാക്കാരന്റെ വിഹിതം അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.<br><br>5) ജില്ലാ സഹകരണ ബാങ്കിൽ കോർപ്പ്സ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റി ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>6) മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പാക്കാരന്റെ വയസ് തെളിയിക്കു ന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖ.<br><br>7) മരണസർട്ടിഫിക്കറ്റ്/മാരകരോഗം ബാധിച്ചുവെന്ന സർട്ടിഫിക്കറ്റ് പകർപ്പ് എന്നിവ സഹിതം വായ്പാക്കാരന്റെ അപേക്ഷയും അനുബന്ധ രേഖകളും സംഘം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ സഹിതം പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മാനേജിംഗ് കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് ധന സഹായം അനുവദിക്കുകയും ചെയ്യുന്നു. ധനസഹായം ബന്ധപ്പെട്ട സംഘത്തിന് നൽകുകയും വിവരം ബന്ധപ്പെട്ട അനന്തരവകാശിയെ/ മാരകരോഗം പിടിപെട്ട വായ്പാക്കാ രനെ അറിയിക്കുകയും ചെയ്യുന്നു. ധനസഹായം ലഭിച്ചുകഴിഞ്ഞാൽ സംഘം വായ്പാകണക്കിൽ അടവാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ബോർഡിന് അയച്ചു കൊടുക്കുന്നു. |

| | | | |
|---|---|---|---|
| | | | |
| (സി) | ഇത് ലഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ? | (സി) | റിസ്ക്ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ സംഘത്തിന് ലഭിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം സംഘം ഭരണസമിതി നടപടി സ്വീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കണം. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 15 ദിവസത്തിനകം നടപടി സ്വീകരിച്ച് ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. ബോർഡ് തീരുമാനപ്രകാരം ആനുകൂല്യം അനുവദിച്ചാൽ 15 ദിവസത്തിനകം തുക വായ്പാകണക്കിൽ വരവ് വച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സംഘം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് അയച്ചുകൊടുക്കണം. |

സെക്ഷൻ ഓഫീസർ